# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 708** 02/11/2011-ൽ മറുപടിക്ക്

## സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി

**ചോദ്യം**

ശ്രീ. കെ. മുരളീധരൻ :
'' സി. പി. മുഹമ്മദ് :
'' റ്റി. എൻ. പ്രതാപൻ :
'' തേറമ്പിൽ രാമകൃഷ്ണൻ :

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി കേരളത്തിലെ വിദ്യാലയങ്ങളിൽ സമ്പൂർണ്ണ ഇ-ലേണിംഗ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു സിഡി-ലൈബ്രറി പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 14000 ത്തോളം വരുന്ന സ്കൂളുകൾക്ക് ഏറ്റവും കുറഞ്ഞ വിലയ്ക്ക് വിദ്യാഭ്യാസ സി.ഡി.കൾ വിതരണം ചെയ്തുകൊണ്ട് ഇന്ന് വികസിത രാജ്യങ്ങളിലെ വിദ്യാർത്ഥികൾക്കുമാത്രം ലഭ്യമായ ഇ-ലേണിംഗ് സൗകര്യം കേരളത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാകുന്നതിനാണ് ഈ പ്രോജക്ടിലൂടെ എസ്.ഐ.ഇ.ടി. ഉദ്ദേശിക്കുന്നത്. കേരളത്തിലെ 140 അസംബ്ലി നിയോജകമണ്ഡലങ്ങളേയും സമ്പൂർണ്ണ ഇ-ലേണിംഗ് മണ്ഡലങ്ങളാക്കി ഉയർത്തിക്കൊണ്ട് കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഇ-ലേണിംഗ് സംസ്ഥാനമാക്കി മാറ്റുകയാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ഒപ്പം നവീന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠനപ്രക്രിയയിലൂടെ സ്കൂളുകളിലെ പഠന-ബോധന നിലവാരം ഉയർത്തുവാനും ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു. |

(.....2)

ബി) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി കുട്ടികൾക്കായി വെബ് പോർട്ടലിന്റെ പ്രവർത്തനം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

ബി) എസ്.ഐ.ഇ.ടി.യുടെ വെബ് പോർട്ടൽ ഡെവലപ്പ്മെന്റ് പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കുട്ടികൾക്കായി വെബ്പോർട്ടൽ നിലവിലുണ്ട്.

സി) ഈ വെബ്പോർട്ടൽ വിദ്യാർത്ഥികൾക്ക് എപ്രകാരമെല്ലാം പ്രയോജനപ്രദമാകുമെന്നറിയിക്കുമോ?

സി) 8 മുതൽ 12 വരെ ക്ലാസ്സുകളിലെ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള ഇന്ററാക്ടീവ് ലേണിംഗ് പോർട്ടലാണ് എസ്.ഐ.ഇ.ടി.യിൽ തയ്യാറാക്കിയിരിക്കുന്നത്. അതോടൊപ്പം തന്നെ അഗ്രികൾച്ചർ, ക്ലോത്തിംഗ് ആന്റ് എംബ്രോയിഡറി, സിവിൽ കൺസ്ട്രക്ഷൻ, ഡൊമസ്റ്റിക് നേഴ്സിംഗ്, ഓഫീസ് സെക്രട്ടറിഷിപ്പ്, ട്രാവൽ ആന്റ് ടൂറിസം, മെഡിക്കൽ ലാബ് ടെക്നീഷ്യൻ എന്നിങ്ങനെ വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷന്റെ ഏഴ് വൊക്കേഷണൽ സബ്ജക്ടുകളുടെ ഇന്ററാക്ടീവ് മൾട്ടിമീഡിയ ലെസ്സണുകളും ഈ ലേണിംഗ് പോർട്ടലിൽ ഉണ്ട്. ഹയർ സെക്കണ്ടറി വകുപ്പിന് നിലവിലുള്ള വെബ്പോർട്ടലിലൂടെ മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, പരീക്ഷകൾ എന്നിവയ്ക്കുള്ള അപേക്ഷ സമർപ്പിക്കുക, വിവിധ പരീക്ഷകൾക്കുള്ള ഹാൾ ടിക്കറ്റ് ലഭ്യമാക്കുക തുടങ്ങിയ സേവനങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

സംസ്ഥാനവിദ്യാഭ്യാസവകുപ്പ് സാങ്കേതിവിദ്യായിലധിഷ്ഠിതമായ ഒരു കുതിച്ചുചാട്ടത്തിന് തയ്യാറെടുക്കുകയാണ്. കേരളത്തിലെ ഹൈസ്കൂളുകളിലും ഹയർസെക്കന്ററി സ്കൂളുകളിലും പഠിക്കുന്ന 20 ലക്ഷം വിദ്യാർത്ഥികൾക്കായി ഇന്ത്യയിലെ ആദ്യത്തെ സ്കൂൾ എഡ്യൂക്കേഷൻ ലേണിംഗ് പോർട്ടൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി തുറന്നുകൊടുക്കും. 8 മുതൽ 12 വരെ ക്ലാസ്സുകളിലെ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള ഇന്ററാക്ടീവ് മൾട്ടീമീഡിയ ലേണിംഗ് പോർട്ടലാണ് എസ്.ഐ.ഇ.ടിയിൽ തയ്യാറാക്കിയിരിക്കുന്നത്. ഇതോടൊപ്പം തന്നെ അഗ്രികൾച്ചർ, ക്ലോത്തിംഗ് ആന്റ് എംബ്രോയിഡറി, സിവിൽ കൺസ്ട്രക്ഷൻ, ഡോമസ്റ്റിക് നേഴ്സിംഗ്, ഓഫീസ് സെക്രട്ടറിഷിപ്പ്, ട്രാവൽ ആന്റ് ടൂറിസം, മെഡിക്കൽ ലാബ് ടെക്നീഷ്യൻ എന്നിങ്ങനെ വൊക്കേഷണൽ ഹയർസെക്കന്ററി എഡ്യൂക്കേഷന്റെ ഏഴ് വൊക്കേഷണൽ സബ്ജറ്റുകളുടെ ഇന്ററാക്ടീവ് മൾട്ടീമീഡിയ ലെസ്സണുകളും ഈ ലേണിംഗ് പോർട്ടലിൽ ഉണ്ട്.

ഓരോ പാഠഭാഗത്തെയും ഇരുപതോളം ചെറിയ ഫ്രെയിമുകളിലായി വിഭജിച്ച് ആനിമേഷനും ഗ്രാഫിക്സും ടെക്സ്റ്റ് ഓവർ സ്ക്രീനും, വോയിസ് ഓവറും കൂട്ടിച്ചേർത്ത് പാഠഭാഗങ്ങളുടെ അവസാനം വിവിധ ആക്ടിവിറ്റികളുടെയും ഗെയിമുകളുടെയും സഹായത്തോടെ വിദ്യാർത്ഥികളുടെ പഠന നിലവാരം പൂർണ്ണമായും അളക്കുന്ന രീതിയിലാണ് ഈ ദൃശ്യപഠനം ഒരുക്കിയിരിക്കുന്നത്. കണക്കിന്റെയും ശാസ്ത്രവിഷയങ്ങളുടെയും പഠനം വിദ്യാർത്ഥികൾക്ക് ഒരുവിധത്തിലും ഭാരമാകാതിരിക്കുന്നതിനും മുഷിപ്പുളവാക്കാതിരിക്കുന്നതിനുമായി എഡ്യൂക്കേഷനും, എന്റർടെയ്ൻമെന്റും സമഞ്ജസമായി സംയോജിപ്പിച്ചുകൊണ്ടാണ് ഈ ദൃശ്യപാഠങ്ങൾ സംവിധാനം ചെയ്തിരിക്കുന്നത്.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി അഞ്ചുവർഷത്തെ ഗവേഷണത്തിലൂടെ സ്വയം വികസിപ്പിച്ചെടുത്ത ഇൻസ്ട്രക്ഷണൽ ഡിസൈനും, കണ്ടന്റ് ഡെവലപ്മെന്റ് ടെക്നോളജിയും, ഇംപ്ലിമെന്റേഷൻ സ്റ്റൈലും, ഇവാലുവേഷൻ പ്രോസസ്സും ഉപയോഗിച്ചാണ് ഈ ലേണിംഗ് വെബ് പോർട്ടലിലെ പാഠഭാഗങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. വികസിത രാജ്യങ്ങളിലെ ലേണിംഗ് വെബ് പോർട്ടലുകളുടെ മാതൃകയിൽ ലേണിംഗ് മോഡ്യൂളിനുശേഷം ഉപരിവിജ്ഞാനം ആവശ്യമുള്ളവർക്കായി റഫറൻസ് വെബ് സൈറ്റുകളിലേക്കുള്ള ലിങ്കും ഈ പോർട്ടലിൽ സംവിധാനം ചെയ്തിട്ടുണ്ട്.

ഓരോ ലേണിംഗ് മോഡ്യൂളിന്റേയും ഇംഗ്ലീഷ് വേർഷനും മലയാളം വേർഷനും തെരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം വിദ്യാർത്ഥികൾക്ക് ഒരുക്കിയിട്ടുണ്ട്.

വിദഗ്ധരായ നൂറിലധിക അധ്യാപകരുടെയും അത്രയും തന്നെ സാങ്കേതികവിദഗ്ധരുടെയും അഞ്ചുവർഷത്തെ പ്രയത്നഫലമായിട്ടാണ് ഈ ലേണിംഗ് പോർട്ടൽ തയ്യാറാക്കിയിരിക്കുന്നത്.

നാഷണൽ ഇൻഫോമാറ്റിക് സെന്ററിന്റെ സഹായത്തോടെയാണ് ഈ വെബ് പോർട്ടൽ പ്രവർത്തിക്കുന്നത്. എൻ.ഐ.സിയുടെ സെർവറിൽ നിന്നും 150 ജി.ബി സെർവർ സ്പെയിസ് ഇതിനായി കേരള എസ്.ഐ.ഇ.ടിയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. എൻ.ഐ.സിയുടെ അംഗീകൃത കണ്ടന്റ് ഓഡിറ്റിംഗ് ഏജൻസി ഈ ലേണിംഗ് പോർട്ടലിലെ കണ്ടന്റുകൾ ഓഡിറ്റ് ചെയ്ത് അപ്രൂവൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

'ഏതൊരാൾക്കും, എവിടെവച്ചും, ഏത് സമയത്തും' പഠനത്തിനുള്ള സൗകര്യം ഒരുക്കുക എന്ന ഇ-ലേണിംഗിന്റെ അടിസ്ഥാന ലക്ഷ്യമാണ് ഈ ലേണിംഗ് പോർട്ടലിലൂടെ എസ്.ഐ.ഇ.ടി യാഥാർത്ഥ്യമാക്കുന്നത്.

8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഏതൊരു വിദ്യാർത്ഥിക്കും അവർക്ക് പഠിക്കാൻ ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്ന മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി പാഠഭാഗങ്ങൾ സ്വന്തം വീട്ടിലിരുന്ന് ഏത് സമയത്തും യാതൊരു ട്യൂഷന്റെയും സഹായമില്ലാതെ സ്വതന്ത്രമായും സൗജന്യമായും പഠിക്കാൻ സാധിക്കുമെന്നതാണ് ഈ ലേണിംഗ് പോർട്ടിലിന്റെ പ്രയോജനം.

ഇന്ന് ലോകത്തിലെ വികസിത രാജ്യങ്ങളിൽ മാത്രം ലഭ്യമായിക്കൊണ്ടിരിക്കുന്ന വെബ് പോർട്ടൽ അധിഷ്ഠിത പഠന സമ്പ്രദായത്തിലേക്ക് ചുവടു വയ്ക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന ബഹുമതിയ്ക്ക് ഇതുവഴി കേരളം അർഹമാവുകയാണ്.

എഡ്യൂക്കേഷണൽ പ്രോഗ്രാം ബ്രോഡ്കാസ്റ്റിംഗ്, എഡ്യൂക്കേഷണൽ പ്രോഗ്രാം ടെലികാസ്റ്റിംഗ്, എഡ്യൂക്കേഷണൽ സി.ഡി ലൈബ്രറി പ്രോജക്ട്, സമ്പൂർണ്ണ ഇ-ലേണിംഗ് പദ്ധതി, കുട്ടികളുടെ ചലച്ചിത്രോത്സവം, പതിനാല് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന സി.ഡി മാർട്ട് ശൃംഖല എന്നിങ്ങനെ വിദ്യാഭ്യാസസാങ്കേതികവിദ്യായിലധിഷ്ഠിതമായ ചിട്ടയായ പ്രവർത്തനത്തിലൂടെ കേരളത്തിന്റെ പൊതു വിദ്യാഭ്യാസമേഖലയുടെ ഗുണനിലവാരമുയർത്തുന്നതിന് വിലപ്പെട്ട സംഭാവന നൽകിയ എസ്.ഐ.ഇ.ടി കേരളത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പുതിയൊരു സമ്മാനമാണ് www.sietkerala.gov.in എന്ന ലേണിംഗ് വെബ് പോർട്ടൽ.

ഭാവിയിൽ ഇതിനെ ഒരു ഡൈനാമിക് പോർട്ടലാക്കി മാറ്റിക്കൊണ്ട് വിദ്യാർത്ഥികൾക്ക് സംശയങ്ങളും ചോദ്യങ്ങളും നേരിട്ട് ചോദിക്കുന്നതിനും വിദഗ്ധരായ അധ്യാപകർക്ക് നേരിട്ട് ഉത്തരങ്ങൾ നൽകുന്നതിനും സംവിധാനമുള്ള പരിപൂർണ്ണ ഇന്ററാക്ടീവ് പഠന ഫ്ളാറ്റ്ഫോമായി ഇ-ലേണിംഗ് പോർട്ടൽ വികസിപ്പിച്ചെടുക്കുന്നതിനാണ് എസ്.ഐ.ഇ.ടി ലക്ഷ്യമിടുന്നത്.

സംസ്ഥാന വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി കേരളത്തിലെ വിദ്യാലയങ്ങളിൽ സമ്പൂർണ്ണ ഇ-ലേണിംഗ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു സിഡി-ലൈബ്രറി പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 14000 ത്തോളം വരുന്ന സ്കൂളുകൾക്ക് ഏറ്റവും കുറഞ്ഞ വിലക്ക് വിദ്യാഭ്യാസ സി.ഡികൾ വിതരണം ചെയ്തുകൊണ്ട് ഇന്ന് വികസനരാജ്യങ്ങളിലെ വിദ്യാർത്ഥികൾക്കുമാത്രം ലഭ്യമായ ഇ-ലേണിംഗ് സൗകര്യം കേരളത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാകുന്നതിതിനാണ് ഈ പ്രോജക്ടിലൂടെ എസ്.ഐ.ഇ.ടി ഉദ്ദേശിക്കുന്നത്. കേരളത്തിലെ 140 അസംബ്ലി നിയോജകമണ്ഡലങ്ങളേയും സമ്പൂർണ്ണ ഇ-ലേണിംഗ് മണ്ഡലങ്ങളാക്കി ഉയർത്തിക്കൊണ്ട് കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഇ-ലേണിംഗ് സംസ്ഥാനമാക്കി മാറ്റുകയാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. ഒപ്പം നവീന സാങ്കേതികവിദ്യയിലധിഷ്ഠിതമായ പഠനപ്രക്രിയയിലൂടെ നമ്മുടെ സ്കൂളുകളിലെ പഠന - ബോധന നിലവാരം ഉയർത്തുവാനും ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു.

**I. എൽ.പി/യു.പി വിദ്യാർത്ഥികൾക്കായുള്ള സി.ഡികൾ:**

വ്യക്തിത്വവികസനം, ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ പഠനം, പൊതുവിജ്ഞാനം, മഹാൻമാരുടെ ജീവിതമാതൃകകൾ, ഭൂമിശാസ്ത്രകൗതുകങ്ങൾ, പരിസ്ഥിതി ചിന്ത, ചരിത്രം എന്നിങ്ങനെ കൊച്ചുകുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി തയ്യാറാക്കിയ 50 അടിസ്ഥാന ഇ-ലേണിംഗ് മെറ്റീരിയലുകളാണ് എൽ.പി/യു.പി വിദ്യാർത്ഥികൾക്കായി എസ്.ഐ.ഇ.ടി തയ്യാറാക്കിയിരിക്കുന്നത്.

എൽ.പി/യു.പി വിദ്യാർത്ഥികൾക്കായുള്ള 50 സി.ഡികൾ അടങ്ങിയ 10,000 രൂപാവിലയുള്ള സി.ഡി കിറ്റുകൾ 75% സബ്സിഡിയോടെ കേവലം 2500 രൂപയ്ക്കാണ് എസ്.ഐ.ഇ.ടി ഇപ്പോൾ വിതരണം ചെയ്യുന്നത്.

**II. എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കായുള്ള സി.ഡികൾ**

എസ്.എസ്.എൽ.സി പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ 100 എസ്.എസ്.എൽ.സി ടോപ്പ് വിന്നർ സി.ഡികളാണ് ഈ സി.ഡി ലൈബ്രറി കിറ്റിലുള്ളത്. എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഐ.ടി, ഹിസ്റ്ററി, ജ്യോഗ്രഫി പാഠഭാഗങ്ങളും ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, പേഴ്സണാലിറ്റി ഡവലപ്മെന്റ്, കമ്പ്യൂട്ടർ പഠനം, സ്റ്റഡിസ്കിൽസ്, മെമ്മറി ടെക്നിക്ക്, സയന്റിഫിക് ലേണിംഗ്, കരിയർ പ്ലാനിംഗ്, ക്യാരക്റ്റർ ഫോർമേഷൻ, ഹെൽത്ത് കെയർ, ഹെൽത്തി മീഡിയ അപ്രോച്ച്, സക്സസ് ഫുൾ റീഡിംഗ്, മഹത്‌വ്യക്തികളുടെ ജീവചരിത്രം എന്നിങ്ങനെ എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി തയ്യാറാക്കിയ പ്രോഗ്രാമുകളാണ് ഈ സി.ഡി കിറ്റിലുള്ളത്.

ഈ സി.ഡികൾ പാഠപുസ്തകങ്ങൾക്കുപകരമുള്ള പഠനോപകരണമല്ല മറിച്ച് വിജ്ഞാനനിർമ്മാണത്തിനും പ്രോജക്ട്, അസൈൻമെന്റ് എന്നിവയുടെ തയ്യാറാക്കലിനും ഉതകുന്ന പഠനസഹായികൾ മാത്രമാണ്.

എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കായുള്ള 100 സി.ഡികൾ അടങ്ങിയ 20000 രൂപാവിലയുള്ള സി.ഡി കിറ്റുകൾ 75% സബ്സിഡിയോടെ കേവലം 5000 രൂപയ്ക്കാണ് എസ്.ഐ.ഇ.ടി ഇപ്പോൾ വിതരണം ചെയ്യുന്നത്.

**III. പ്ലസ് വൺ വിദ്യാർത്ഥികൾക്കായുള്ള സി.ഡികൾ**

പ്ലസ് വൺ സയൻസ് പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ 150 സി.ഡി കളാണ് ഈ സി.ഡി ലൈബ്രറി കിറ്റിൽ ഉള്ളത്. പ്ലസ് വൺ വിദ്യാർത്ഥികളുടെ മാത്തമറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ബോട്ടണി പാഠഭാഗങ്ങളെ 150 സി.ഡികളിലായി അവതരിപ്പിച്ചിരിക്കുന്നു.

പ്ലസ് വൺ വിദ്യാർത്ഥികൾക്കായുള്ള 150 സി.ഡികൾ അടങ്ങിയ 30,000 രൂപാവിലയുള്ള സി.ഡി കിറ്റ് 75% സബ്സിഡിയോടെ കേവലം 7500 രൂപയ്ക്കാണ് വിതരണം ചെയ്യുന്നത്.

## IV. പ്ലസ് ടു വിദ്യാർത്ഥികൾക്കായുള്ള സി.ഡികൾ

പ്ലസ് ടു സയൻസ് പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ 150 സി.ഡി കളാണ് ഈ സി.ഡി ലൈബ്രറി കിറ്റിൽ ഉള്ളത് പ്ലസ് ടു വിദ്യാർത്ഥികളുടെ മാത്തമറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ബോട്ടണി പാഠഭാഗങ്ങളെ 150 സി.ഡികളിലായി അവതരിപ്പിച്ചിരിക്കുന്നു. ഓൾ ഇന്ത്യാ, കേരളാ എൻട്രൻസ് പരീക്ഷകൾക്കും കൂടി സഹായകരമായ വിധത്തിലാണ് പാഠഭാഗങ്ങൾ സംവിധാനം ചെയ്തിരിക്കുന്നത്. ഈ സി.ഡികളും പാഠപുസ്തകങ്ങൾക്കുപകരമുള്ള പഠനോപകരണമല്ല മറിച്ച് വിജ്ഞാന നിർമ്മാണത്തിനും പ്രോജക്ട്, അസൈൻമെന്റ് എന്നിവയുടെ തയ്യാറാക്കലിനും ഉതകുന്ന പഠനസഹായികൾ മാത്രമാണ്.

പ്ലസ് ടു വിദ്യാർത്ഥികൾക്കായുള്ള 150 സി.ഡികൾ അടങ്ങിയ 30,000 രൂപാവിലയുള്ള സി.ഡി കിറ്റ് 75% സബ്സിഡിയോടെ കേവലം 7500 രൂപയ്ക്കാണ് വിതരണം ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ